# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : **696**

**14-07-2014 ൽ മറുപടിയ്ക്ക്**

## നെൽകൃഷി വികസനം ലക്ഷ്യമിട്ട് നടപ്പാക്കി വന്നിരുന്ന പദ്ധതികൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ.എം.ഷാജി<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.പി.ബി.അബ്ദുൾ റസാക്<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നെൽകൃഷി വികസനം ലക്ഷ്യമിട്ട് മുൻകാലത്ത് നടപ്പാക്കി വന്നിരുന്ന വ്യത്യസ്ത പദ്ധതികൾ സംയോജിപ്പിച്ച് ഒരു സമഗ്ര പ്രോജക്ട് നെൽകൃഷി വികസനത്തിനായി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | വ്യത്യസ്ത പദ്ധതികൾ സംയോജിപ്പിച്ച് സമഗ്ര പ്രോജക്ട് നെൽകൃഷി വികസനത്തിനായി തയ്യാറാക്കുന്നതിന്റെ ഭാഗമായി 2014-2015 വർഷം നെൽകൃഷി വികസനത്തിനായുള്ള നാല് പദ്ധതികൾ (സുസ്ഥിര നെൽകൃഷി വികസനം, പ്രത്യേക നെല്ലിനങ്ങളുടെ വികസനം, പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി, നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായം) സംയോജിപ്പിച്ച് സമഗ്ര നെൽകൃഷി വികസനം എന്ന പേരിലാണ് നടപ്പിലാക്കുന്നത്. |
| (ബി) | നെൽകർഷകർ നെൽ കൃഷിയിൽ നിന്നും പിൻ മാറാൻ ഇടയാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കി അവരെ പ്രസ്തുത മേഖലയിൽ തുടരാൻ പ്രേരിപ്പിക്കുന്നതിന് എന്തൊക്കെ പുതിയ ഇൻസെന്റീവുകളാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) | 2014-2015 സാമ്പത്തിക വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) പ്രകാരം ഹെക്ടറൊന്നിന് ഉല്പാദനോപാധികളുടെ ചെലവിനായി 1500/- രൂപ സബ്സിഡി നൽകി 1,80,000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ബസുമതി, ജീരകശാല, ഗന്ധകശാല) വികസനത്തിനായി ഹെക്ടറിന് 10,000/- രൂപ |

സബ്സിഡി നിരക്കിൽ 200 ലക്ഷം രൂപയുടെ പദ്ധതി 2000 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി ആലപ്പുഴ, തൃശ്ശൂർ എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലായി നടപ്പിലാക്കുന്നു. നെൽകൃഷി വികസന ഏജൻസികൾക്കുള്ള ധനസഹായത്തിനായി 150 ലക്ഷം രൂപയും, പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 200 രൂപക്രമത്തിൽ 302 ലക്ഷം രൂപയും വകയിരുത്തി നാളിതുവരെ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനും പുറമേ ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 15000/- രൂപ സബ്സിഡി നിരക്കിൽ നൽകി നെൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നെൽകൃഷി ഉല്പാദന ബോണസ് നൽകുന്നതിനായി ഹെക്ടറൊന്നിന് 1000/- രൂപ, സീസൺ ഒന്നിന് എന്ന ക്രമത്തിൽ നൽകി വരുന്നു. ആയതിനായി 1243.44 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കാർഷിക വൈദ്യുതി സൗജന്യ പദ്ധതിയും നെൽകൃഷിയ്ക്കായി നടപ്പിലാക്കി വരുന്നു. ഇതിനും പുറമെ ഉല്പാദിപ്പിക്കുന്ന നെല്ല് കിലോയ്ക്ക് 19/- രൂപ നൽകി സപ്ലൈകോ കർഷകരിൽ നിന്നും സംഭരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ